# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6151 | 10/7/2012-ൽ മറുപടിയ്ക്ക്

**ഹോർട്ടികോർപ്പ് പച്ചക്കറി വില കറയ്ക്കാൻ സ്വീകരിച്ച നടപടികൾ**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| എ) ഹോർട്ടി കോർപ്പ് പച്ചക്കറി വില കറയ്ക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ; | എ) പച്ചക്കറികളുടെ ക്രമാതീതമായ വില വർദ്ധന ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 22.5.2012 മുതൽ 30%വരെ വില കറച്ച് ഹോർട്ടികോർപ്പ് പച്ചക്കറി വിപണനം നടത്തി വരുന്നു. ഹോർട്ടിക്കോർപ്പിന്റെ സഞ്ചരിക്കുന്ന വിൽപ്പനശാലകൾ ഉൾപ്പെടെ 103 വിപണന കേന്ദ്രങ്ങൾ വഴിയും, സപ്ളൈകോയുമായി ചേർന്ന് 32 സ്റ്റാളുകൾ വഴിയും പച്ചക്കറി വിപണനം നടത്തുന്നുണ്ട്. 5.7.2012 വരെ 294.48 ലക്ഷം രൂപയുള്ള 1271.48 മെട്രിക് ടൺ പച്ചക്കറി ഇത്തരത്തിൽ വിപണനം നടത്തിയിട്ടുണ്ട്. ഈ പദ്ധതി ഓണം വരെ തുടരാനും 24 സ്ഥലങ്ങളിൽ ഓണം- റംസാൻ ഫെയറുകൾ നടത്താനും സപ്ളൈകോയുമായി ചേർന്ന് 150 പുതിയ സ്റ്റാളുകൾ തുടങ്ങാനും അടിയന്തിര നടപടികൾ സ്വീകരിച്ച് വരുന്നു. |
| ബി)ഹോർട്ടികോർപ്പിന്റെ സഹായത്തോടെ കഴിഞ്ഞ സാമ്പത്തിക വർഷം ഉൽപാദിപ്പിച്ച പച്ചക്കറിയുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ ; | ബി)പച്ചക്കറി ഉൽപ്പാദനത്തിനായി ഹോർട്ടികോർപ്പിന് പദ്ധതികൾ ഇല്ല. |
| സി) മററു സംസ്ഥാനങ്ങളിൽ നിന്നും ഹോർട്ടികോർപ്പിന് എത്തിച്ച പച്ചക്കറിയുടെ വിശദാംശം വ്യക്തമാക്കാമോ ; | സി) കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് പുറമേ കേരളത്തിലേക്കാവശ്യമായ പച്ചക്കറികൾ ഹോർട്ടികോർപ്പ് വഴി വില കറച്ച് വിപണനം നടത്തുന്നതിന് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും എടുക്കാറുണ്ട്. എന്നാൽ ഹോർട്ടികോർപ്പ് മറ്റ് സംസ്ഥാനങ്ങളിലെ കർഷകരിൽ നിന്നും പച്ചക്കറികൾ സംഭരിക്കുന്നില്ല. ഇത്തരത്തിൽ ഉരുളക്കിഴങ്ങ്, സവാള, ഉള്ളി, വെളുത്തുള്ളി, ക്യാരറ്റ്, ക്യാബേജ്, ക്വാളിഫ്ളവർ, ക്യാപ്സിക്കം, ബീൻസ്, ബീറ്റ്റൂട്ട് എന്നിവയാണ് പ്രധാനമായും എടുക്കാറുള്ളത്. |
| ഡി) ഈ പച്ചക്കറി എത്തിക്കവാൻ ആരെയൊക്കെയാണ്ചുമതലപ്പെടുത്തിയിരിക്കുന്നത് ; | ഡി)ജില്ലാ സംഭരണ കേന്ദ്രങ്ങളാണ് അതാത് ദിവസം ആവശ്യം വരുന്ന പച്ചക്കറികൾ സംഭരിക്കുന്നത്. ഇതിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും എടുക്കേണ്ടി വരുന്ന പച്ചക്കറികൾ തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിലെ പ്രധാന പച്ചക്കറി മാർക്കറ്റുകളിലെ കച്ചവടക്കാരിൽ നിന്നും വാങ്ങി വിപണനം |

| | |
|---|---|
| ഇ) തമിഴ്നാട് മാർക്കറ്റിൽ നിന്നും പച്ചക്കറി നേരിട്ട് വാങ്ങി വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | നടത്തുകയാണ് ചെയ്യുന്നത്.<br><br>ഇ) തമിഴ്നാട് മാർക്കറ്റൽ നിന്നും ലേലത്തിലൂടെ പച്ചക്കറികൾ ആവശ്യാനുസരണം വാങ്ങുന്നതിന് ആലോചനയുണ്ട്. ഇതിന്റെ സാദ്ധ്യതകൾ ആരായുന്നതിന് വേണ്ടി വടശ്ശേരി, ഒട്ടചത്രം, തിരുനെൽവേലി മാർക്കറ്റുകൾ സന്ദർശിച്ച് സാദ്ധ്യതകൾ ആരായുവാൻ തീരുമാനിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ